ബിലീവേഴ്സ് ക്രൈസ്തവ ദ്വൈവാരിക
ജേർണൽ
2025 ജൂൺ
VOL:18 ISSUE: 02 RNI.NO.KERMAL/2008/26530 Pages: 14






# ലോകം ഭയക്കുന്ന ആണവ ഭീഷണി

• രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

പന്ത്രണ്ട് ദിവസം നീണ്ടുനിന്ന ഇസ്രായേൽ-ഇറാൻ യുദ്ധത്തിൽ അമേരിക്കയും പങ്കാളി ആയപ്പോൾ ലോകമാസകലം ഭയപ്പാടിലായി. എന്നാൽ വളരെ പെട്ടെന്ന് യുദ്ധം അവസാനിപ്പിക്കുന്നെന്ന അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ പ്രഖ്യാപനം അല്പം ആശ്വാസം പകർന്നു. ട്രംപിന്റെ പ്രഖ്യാപനത്തെത്തുടർന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വെടിനിർത്തൽ പ്രഖ്യാപനം സ്ഥിരീകരിച്ചു. ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമീനിയുടെ പ്രഖ്യാപനം വരാൻ താമസിച്ചത് ആശങ്ക പടർത്തിയെങ്കിലും ഇറാനും വെടി നിർത്തലിനെ അംഗീകരിച്ചു. ഇരുരാജ്യങ്ങളും യുദ്ധവിജയം അവകാശപ്പെട്ട് പ്രഖ്യാപനങ്ങൾ നടത്തുന്നു. ഇറാന്റെ മുതിർന്ന സൈനീകരെയും ശാസ്ത്രജ്ഞരെയും ഇസ്രായേൽ സൈന്യം വധിച്ചത് ഇറാൻ സ്ഥിരീകരിച്ചു കഴിഞ്ഞു.

ഇറാന്റെ അതിപ്രധാനമായ മൂന്ന് ആണവകേന്ദ്രങ്ങൾ ഉഗ്ര പ്രഹരശേഷിയുള്ള ബി-2 ബോംബർ വിമാനങ്ങൾ ഉപയോഗച്ച് തകർത്തതോടെ ലക്ഷ്യം കൈവരിച്ചു എന്ന് ട്രംപും ഇസ്രായേൽ പ്രധാനമന്ത്രിയും പ്രഖ്യാപിച്ചു. ഇറാന്റെ ആണവ പദ്ധതിയുടെ കുന്തമുനയായ ഫോർദ്ദോ ആണവ റിയാക്ടർ കേന്ദ്രവും തകർത്തുവെന്ന് അമേരിക്ക അവകാശപ്പെട്ടു. പതിറ്റാണ്ടുകൾ നീളുന്ന ആശങ്കയാണ് ഇറാൻ ആണവ പദ്ധതിയുമായി ബന്ധപ്പെട്ട് ലോകരാജ്യങ്ങൾക്കും പ്രത്യേകാൽ അമേരിക്കയ്ക്കും ഇസ്രായേലിനും ഉണ്ടായിരുന്നത്. അതിന്റെ അനന്തരഫലമാണ് ഇപ്പോൾ ഉണ്ടായതെന്ന് പറയുവാൻ കഴിയും. പതിറ്റാണ്ടുകൾ നീണ്ട അന്വേഷണത്തിന്റെയും ചാരപ്രവർത്തനത്തിന്റെയും ഒടുവിൽ മൊസാദ് കണ്ടെത്തിയ തെളിവുകളുടെയും മറ്റും അടിസ്ഥാനത്തിലാണ് കൃത്യമായി അമേരിക്കൻ ബോംബറുകൾക്ക് ഇറാന്റെ ആണവ കേന്ദ്രങ്ങളെ തകർക്കുവാൻ സാധ്യമായത്. ഇറാന്റെ ആണവ പദ്ധതിയെ പതിറ്റാണ്ടുകളോളം പുറകോട്ട് അടിക്കുന്നതായിരുന്നു ഈ ആക്രമണമെന്ന് ട്രംപിന്റെ പ്രസ്താവനയിൽ നിന്ന് മനസ്സിലാക്കാം. എന്നാൽ അമേരിക്കൻ ആക്രമണങ്ങൾക്ക് തങ്ങളുടെ ആണവ പദ്ധതികളെ തകർക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് ഖമീനിയുടെ പ്രസ്താവന വന്നു കഴിഞ്ഞു. ആരുടെ അവകാശവാദങ്ങളാണ് ശരിയെന്ന് പറയുവാൻ കഴിയുന്നില്ലെങ്കിലും ലോകം നേരിടുന്ന വലിയൊരു വെല്ലുവിളിയാണ് ആണവ ഭീഷണിയെന്ന് ഉറപ്പാണ്. ഇറാൻ അണുബോംബ് നിർമ്മാണത്തിൽ വിജയിച്ചിട്ടുണ്ടോ എന്ന് ഉറപ്പായിട്ടില്ല. തങ്ങളുടെ ആണവ പദ്ധതികൾ ബോംബ് നിർമ്മാണത്തിനുവേണ്ടിയല്ലായെന്നും രാജ്യത്തിന്റെ ഊർജ്ജ ആവശ്യത്തിനുവേണ്ടിയാണ് എന്ന ഇറാന്റെ അവകാശവാദം ഇസ്രായേൽ വിശ്വാസത്തിൽ എടുത്തില്ല. തങ്ങളുടെ നിലനിൽപ്പിനു ഭീഷണിയായ ഇറാന്റെ ആണവ പദ്ധതിയെ ആരംഭം മുതൽ തന്നെ സംശയത്തോടെയാണ് ഇസ്രായേൽ വീക്ഷിച്ചിരുന്നത്. മൊസാദ് എന്ന തങ്ങളുടെ രഹസ്യാന്വേഷണ വിഭാഗത്തെ ഇറാനിൽ എങ്ങും വിന്യസിച്ച് രഹസ്യങ്ങൾ ചോർത്തുന്നതിൽ ഇസ്രായേൽ വിജയിച്ചു. തങ്ങൾക്ക് അണുവായുധങ്ങൾ ഉണ്ടെന്നോ അണുവായുധ പദ്ധതികളുണ്ടെന്നോ ഇതുവരെ ഇസ്രായേൽ വെളിപ്പെടുത്തിയിട്ടില്ല.

## അല്പം ചരിത്രം

അമേരിക്കയാണ് ലോകത്ത് ആദ്യമായി അണുവായുധ പരീക്ഷണം നടത്തി വിജയിച്ച രാജ്യം. 1945 ജൂലൈ 16ന് ന്യൂമെക്സിക്കോ മരുഭൂമിയിൽ അവർ ആദ്യ പരീക്ഷണം നടത്തി. ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും അവർ അണുബോംബ് പ്രയോഗിക്കുകയും ചെയ്തു. ഒരുലക്ഷത്തിലധികം ആളുകൾ തൽക്ഷണം കൊല്ലപ്പെട്ടു എന്നാണ് കണക്ക്. പതിനായിരക്കണക്കിന് ആളുകൾ അണുവികിരണം മൂലമുള്ള കെടുതികളാൽ നരകയാതന അനുഭവിക്കേണ്ടി വന്നു. അമേരിക്ക ആയിരത്തിലധികം പരീക്ഷണങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തി. എണ്ണായിരത്തോളം അണുവായുധങ്ങൾ അമേരിക്കയുടെ കൈവശമുണ്ടെന്നാണ് വിലയിരുത്തുന്നത്. അയ്യായിരത്തിലധികം അണുവായുധങ്ങൾ സൈനീക ശേഖരത്തിലുള്ള റഷ്യയാണ് തൊട്ടു പിന്നിൽ. യു.കെ.യും ഫ്രാൻസും ചൈനയും ഉത്തരകൊറിയയും ഇസ്രായേലും ഇന്ത്യയും പാക്കിസ്ഥാനുമാണ് അണുവായുധം സൈനീകാവശ്യത്തിനായി ശേഖരിച്ചിട്ടുള്ള രാജ്യങ്ങൾ. ഇന്ത്യയ്ക്ക് 180 അണുവായുധങ്ങൾ ഉണ്ടെന്ന് ചില കണക്കുകൾ സൂചിപ്പിക്കുന്നു. പൊതു സമൂഹത്തിൽ അണുവായുധ ശേഖരം ഇല്ലെന്നു പറയുമ്പോഴും ഇറാന്റെ ആണവ പദ്ധിതയെ സംശയിച്ചിരുന്ന അമേരിക്കയും ഇസ്രായേലും ഒരുക്കിയ പദ്ധതിയിലൂടെ ഇറാന്റെ ഭീഷണി ഒരു പരിധി വരെ തടഞ്ഞു എന്നു പറയാം. ലോക സമാധാനത്തിന് അണുവായുധം എന്നും ഭീഷണി തന്നെയാണ് എന്നതിൽ രണ്ടു പക്ഷമില്ല.






പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

# പെന്തെക്കോസ്തിനെ പ്രതിനിധീകരിക്കുന്നത് ഇവരോ?

മലങ്കരയിലെ പെന്തെക്കോസ്ത് സഭകളുടെ ഉത്ഭവം ത്യാഗത്തിന്റെയും സഹനത്തിന്റെയും അനുഭവത്തിലൂടെയാണ്. പാരമ്പര്യ പ്രസ്ഥാനങ്ങളെ വിട്ട് വേർപാട് എന്നത് കരുത്താക്കി പൂർവ്വ പിതാക്കന്മാർ പെന്തെക്കോസ്ത് അനുഭവത്തോടെ തുടക്കം കുറിച്ചതിന് ദൈവം വളർച്ചയുടെ പടവുകൾ ഒരുക്കി. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലും നിറവിലും എന്ന് അഭിമാനത്തോടെ പറഞ്ഞിരുന്നവരുടെ ഇടയിൽ സ്ഥാനമാനങ്ങൾക്കായുള്ള മത്സരം ക്രമേണ ഉടലെടുത്തു. ഉപദേശ വ്യത്യാസം ഇല്ലാതിരിക്കുമ്പോൾ തന്നെ കസേരയുടെ പേരിലും പണത്തിന്റെ പേരിലുമൊക്കെ പ്രസ്ഥാനങ്ങൾ അനവധിയായി സൃഷ്ടിക്കപ്പെട്ടു. മിടുക്കന്മാർ പാരമ്പര്യമായി കസേര തലമുറകളിലേക്ക് കൈമാറി. പത്ത് തലമുറകൾക്ക് കഴിയുവാനുള്ള വക ഇവർ സമ്പാദിക്കുകയും ചെയ്തു. അനുഗ്രഹിക്കപ്പെട്ടുവെന്നും നന്മ പ്രാപിച്ചുവെന്നും ഈ സമൂഹത്തെക്കുറിച്ച് പൊതുവേ പറയപ്പെടുമ്പോഴും സാധാരണക്കാർക്ക് എന്ത് ലഭിച്ചു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പല തരത്തിലും ഭാവത്തിലും ഉള്ള സുവിശേഷസംഘടനകൾ രൂപം കൊണ്ടു. അതൊക്കെ പലരുടെയും ഉദരപൂരണത്തിനും കീശവീർപ്പിക്കുന്നതിനും മാത്രമുള്ള കുറുക്കുവഴികളായി. മറ്റ് ജോലികളൊന്നും ചെയ്യാതെ തന്നെ പലരും കോടീശ്വരന്മാരായി. പല മിടുക്കന്മാരും തങ്ങളുടെ മക്കളെ ബൈബിൾ കോളജ് പഠനത്തിന്റെയും സുവിശേഷവേലയുടെയും പേരിൽ ഏഴാം കടൽ കടത്തി. ബൈബിൾ പഠനത്തിന് പോയവരെ പിന്നെ കണ്ടത് ഗ്യാസ് സ്റ്റേഷനിലും റിയൽ എസ്റ്റേറ്റ് രംഗത്തുമാണ്. സ്കൂൾ, റിയൽ എസ്റ്റേറ്റ്, വണ്ടി കച്ചവടം തുടങ്ങി പലതും മെയിൻ ബിസിനസ്സാക്കി സുവിശേഷവേല സൈഡ് ബിസിനസ്സുമാക്കി പലരും കർത്താവിന്റെ വേല ചെയ്യുന്നു. തങ്ങൾക്ക് ബോധിച്ചതുപോലെയും സ്വാർത്ഥതയ്ക്കുവേണ്ടിയും ഇവിടെ സൃഷ്ടിച്ചെടുത്ത പെന്തെക്കോസ്ത് സഭാ പ്രസ്ഥാനങ്ങൾ ധാരാളം. വാൾ എടുത്തവൻ വെളിച്ചപ്പാട് എന്ന് പറഞ്ഞതുപോലെ ആർക്കും പാസ്റ്റർ ആകാം എന്ന സ്ഥിതിവിശേഷം സംജാതമായി. ചിട്ടയായ വചനപഠനവും അഭ്യസനവും ലഭിച്ചവർക്ക് വേണ്ടത്ര അംഗീകാരമോ പ്രോത്സാഹനമോ ലഭിക്കുന്നില്ല. വായിൽ വരുന്നത് കോതയ്ക്ക് പാട്ട് എന്നു പറഞ്ഞതുപോലെ എന്തും സ്റ്റേജിൽ വിളിച്ചുപറയുന്നവർ മിടുക്കന്മാരാകുന്നു. അവർ പറയുന്ന ഭോഷത്വങ്ങൾ പലതും പെന്തെക്കോസ്ത് സമൂഹത്തെ പൊതുസമൂഹത്തിൽ കോമാളികളാക്കാൻ കാരണമാകുന്നു. ഇവിടെ സഭാനേതൃത്വങ്ങൾ ഇത്തരം സാഹചര്യത്തിൽ മൗനമാകുമ്പോൾ കള്ളനാണയങ്ങൾ വർദ്ധിക്കുന്നു. പെന്തെക്കോസ്ത് എന്ന അനുഭവത്തെയും ഉപദേശത്തെയും സമർത്ഥിക്കുവാൻ മുന്നിട്ടിറങ്ങേണ്ട മുഖ്യധാര പ്രസ്ഥാനങ്ങളും നേതൃത്വവും മൗനം വെടിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്റ്റേജുകളിൽ ഭോഷ്കും പൊട്ടത്തരവും ദുരുപദേശങ്ങളും പറയുന്നവരെ ഒഴിവാക്കുവാനും ഉപദേശ സത്യങ്ങളെയും ക്രിസ്തുസ്നേഹത്തെയും പ്രസംഗിക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാനും നേതൃത്വങ്ങൾ തയ്യാറാകണം. ക്രമീകൃതമായ പഠനം ശുശ്രൂഷകർക്ക് സഭാപ്രസ്ഥാനങ്ങൾ കാലികമായി നൽകുവാൻ അടിയന്തിര ശ്രദ്ധ ചെലുത്തണം. അവിയൽ പരുവത്തിൽ എത്തിയിരിക്കുന്ന പെന്തെക്കോസ്തിന്റെ ആത്മീയരംഗം വേരറ്റു പോകാതിരിക്കുവാൻ ദർശനമുള്ള നേതൃത്വം എഴുന്നേൽക്കണം.

പ്രസംഗവും പൊതുവേദിയിലെ അപക്വമായ ശുശ്രൂഷയും പോലെ പെന്തെക്കോസ്തിന്റെ പേരിൽ കൂണുപോലെ മുളയ്ക്കുന്ന സംഘടനകളും അവമതിപ്പുളവാക്കുന്നു. കൗൺസിൽ, സിനഡ്, സംഗമം തുടങ്ങി പല പേരുകളും ഇട്ടിട്ട് പെന്തെക്കോസ്ത് എന്ന് ചേർക്കുമ്പോൾ പൊതു സമൂഹം തെറ്റിദ്ധരിക്കപ്പെടുന്നു. ഈ സംഘടനകളിൽ 99% വും ഇലക്ഷൻ കാലത്ത് രാഷ്ട്രീയക്കാർക്കുവേണ്ടി ദാസ്യവേല ചെയ്യുകയാണ്. ഇടതിനെയും വലതിനെയും സംഘപരിവാറിനെയും പിന്തുണച്ചുകൊണ്ട് രാഷ്ട്രീയ നേതൃത്വത്തെ തെറ്റിദ്ധരിപ്പിച്ച് തങ്ങളാണ് പെന്തെക്കോസ്തിന്റെ വക്താക്കൾ എന്ന് വരുത്തുന്ന ഈ സംഘടനാ 'പാരവാഹികൾ' യൂദായേക്കാൾ വലിയ ഒറ്റുകാരാണ്. ചില വ്യക്തികൾ സ്വകാര്യസ്വത്തുപോലെ കൈകാര്യം ചെയ്ത് സ്വാർത്ഥലാഭത്തിനുവേണ്ടി കൊണ്ടുനടക്കുന്ന ഇത്തരം സംഘടനകളെയും വരുതിയിൽ നിർത്തുവാൻ സഭാ നേതൃത്വത്തിന് കഴിയണം. ഒരു മേശയ്ക്ക് ചുറ്റും ഒന്നിച്ചിരുന്ന് സംസാരിച്ച് ഉപദേശ ഐക്യത്തിനും പൊതുനന്മയ്ക്കുംവേണ്ടി ഒന്നിച്ചു നിൽക്കുവാൻ നേതൃത്വം തീരുമാനിച്ചാൽ ഇത്തരം കടലാസ് സംഘടനകളും അതിന്റെ പാരവാഹികളായ ഇത്തിൾക്കണ്ണികളും പുറത്താകും. അതിനുള്ള ആർജ്ജവം നേതൃത്വം കാട്ടണം. പെന്തെക്കോസ്ത് അനുഭവമാണ്. അത് വിൽക്കുവാൻ ചിലരെ അനുവദിച്ചുകൂടാ. പെന്തെക്കോസ്തിന്റെ വക്താക്കൾ പെന്തെക്കോസ്തിന്റെ ലേബൽ പേറുന്ന കടലാസ് സംഘടനകളോ സ്റ്റേജിൽ ഭോഷ്കും ദുരുപദേശവും പറയുന്ന കോമാളി വേഷധാരികളോ അല്ല എന്ന് തിരിച്ചറിയണം.

ബിലീവേഴ്സ്
BELIEVERS JOURNAL
ക്രൈസ്തവ ദ്വൈവാരിക
ജേണൽ
2025 ജൂൺ



# ബ്രസീലിൽ സുവിശേഷവിഹിത സഭകൾ വളരുന്നു

**പ്രകാശ് പി. കോശി, മുംബൈ**



സ്റ്റാറ്റിറ്റിക്സ് ഏജൻസി IBGE പുറത്തുവിട്ട വിവരങ്ങൾ പ്രകാരം ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്കാ രാജ്യമായ ബ്രസീലിൽ കത്തോലിക്കാ വിശ്വാസികളുടെ എണ്ണം കുറയുന്നു. കഴിഞ്ഞ ചില വർഷങ്ങളായി നടന്ന സർവേയുടെ റിപ്പോർട്ട് ഇപ്പോഴാണ് IBGE പുറത്തുവിട്ടത്. അതേസമയം, സുവിശേഷവിഹിത സഭകളും ഒരു മതത്തിൽ വിശ്വസിക്കാത്തവരും വളർച്ചയുടെ പാതയിലാണെന്ന് സർവേ പറയുന്നു.

ഈ സർവേ പ്രകാരം, 2022-ൽ ബ്രസീലിൽ 100.2 ദശലക്ഷം റോമൻ കത്തോലിക്കർ ഉണ്ടായിരുന്നു, ജനസംഖ്യയുടെ 56.7% ആണത്. എന്നാൽ, 2010-ൽ അത് 105.4 ദശലക്ഷമായിരുന്നു, ഏകദേശം 65.1 %. കഴിഞ്ഞ വർഷം സുവിശേഷവിഹിത സഭകൾ 26.9% ആയി വളർന്നു. 2010-ൽ അത് 21.6% ആയിരുന്നു. ബ്രസീലിൽ സുവിശേഷവിഹിത സഭകളിൽ പോകുന്നവരുടെ എണ്ണം ഇപ്പോൾ 47.4 ദശലക്ഷമാണ്. കഴിഞ്ഞ 12-14 വർഷം കൊണ്ട് 12 ദശലക്ഷം പേരാണ് പെന്തക്കോസ്ത് ഉൾപ്പെടെയുള്ള സഭകളിൽ അംഗങ്ങളായത്. ഇത് സർവ്വകാല റെക്കോർഡ് ആണെന്ന് സർവേ ചൂണ്ടിക്കാണിക്കുന്നു.

കൂടാതെ, ഒരു മതത്തിലും വിശ്വസിക്കാത്തവരുടെ എണ്ണം 7.9 % -ൽ നിന്ന് 9.3% ആയി വളർന്നെന്ന് സർവേ പറയുന്നു. അതുപോലെ, ആഫ്രോ- ബ്രസീലിയൻ മതമായ ഉബന്റ കാണ്ടോമ്പ്ൾ 0.3% -ൽ നിന്ന് 1% ആയി വളർന്നു.

ബ്രസീലിന്റെ ഇടതുപക്ഷ സർക്കാരിന് കത്തോലിക്കരുടെ എ

10

# പാസ്റ്റർ പി.ജെ ജെയിംസ് വൈ.പി.ഇ. കേരളാ സ്റ്റേറ്റ് കോർഡിനേറ്റർ



പാസ്റ്റർ പി. ജെ ജെയിംസ് വൈ.പി. ഇ. കേരളാ സ്റ്റേറ്റ് കോർഡിനേറ്ററായി നിയമിതനായി. വൈ.പി.ഇ കേരളാ സ്റ്റേറ്റ് ടാലന്റ് ടെസ്റ്റ് കൺവീനർ, മാഗസിൻ എഡിറ്റർ എന്നീ നിലകളിൽ REACHING THROUGH MEDIA പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ പാമ്പാടി ഈസ്റ്റ് സെന്ററിൽ കൗവ്നിലം സഭാ ശുശ്രൂഷ കനായി പ്രവർത്തിക്കുന്നു. പാലക്കാട് മുണ്ടൂർ സ്വദേശിയാണ്. ഭാര്യ സിമി, ജൊ ഹാന, ജുവൽ എന്നിവർ മക്കളാണ്.




പൂത്താടി ഉണ്ടാകുന്നത് എക്കലിൽ നിന്നാണെന്ന് ശാസ്ത്രജ്ഞൻ പാസ്റ്റർ.

*ഇത്തരം കോമാളികളെ വേഷം കെട്ടിച്ച് സ്റ്റേജിൽ എഴുന്നെള്ളിക്കുന്നവരെ പറഞ്ഞാൽ മതിയല്ലോ.*

# രജത ജൂബിലി കൺവൻഷൻ

**ഫ്ളോറിഡ:** ഐ.പി.സി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ രജത ജൂബിലി കൺവൻഷൻ ജൂലൈ 3 മുതൽ 6 വരെ ഒർലാന്റോ ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയിൽ (IPC Orlando Church, 11531 Winter Garden Vineland Road, Orlando, FL 32836) വെച്ച് നടത്തപ്പെടും.

3 ന് വ്യാഴാഴ്ച വൈകിട്ട് 6.30 ന് ആരംഭിക്കുന്ന പ്രഥമ യോഗത്തിൽ പാസ്റ്റർ ഡോ. ജോയി ഏബ്രഹാം അധ്യക്ഷത വഹിക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ.സി ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഡോക്ടർ തോംസൺ കെ മാത്യു പ്രാരംഭ ദിനത്തിൽ മുഖ്യപ്രഭാഷണം നടത്തും.

4ന് വെള്ളിയാഴ്ച രാവിലെ 10.30 ന് ആരംഭിക്കുന്ന സഹോദരി സമ്മേളനത്തിൽ ലേഡീസ് മിനിസ്ട്രീസ് പ്രസിഡന്റ് സിസ്റ്റർ ബീനാ മത്തായിയും ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് നടത്തപ്പെടുന്ന യുവ

10

# ഐ പി സി അയർലൻഡ് & ഇ യു റീജിയൻ കൺവെൻഷൻ സെപ്റ്റംബർ 5 മുതൽ 7 വരെ

**ഡബ്ലിൻ:** യൂറോപ്യൻ ഭൂഖണ്ഡത്തിലെ തെക്കു പടിഞ്ഞാറൻ ദ്വീപായ അയർലണ്ടിലെ ഏറ്റവും വലിയ പെന്തക്കോസ്ത് പ്രസ്ഥാനം ആയ ഐ പി സി അയർലൻഡ് & ഇ യൂ റീജിയന്റെ മൂന്നാമത് വാർഷിക കൺവെൻഷൻ സെപ്റ്റംബർ 5 മുതൽ 7 വരെ ഡബ്ലിനിലെ സയന്റോളജി കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.


5 ന് വൈകിട്ട് 6.30ന് ഐപിസി അയർലൻഡ് & ഇ യു റീജിയൻ പ്രസിഡന്റ് പാസ്റ്റർ സി.റ്റി എബ്രഹാം മൂന്നാമത് വാർഷിക കൺവെൻഷൻ ഉദ്ഘാടനം ചെയ്യും.

പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻ (കൊച്ചറ) മുഖ്യ പ്രഭാഷകൻ ആയിരിക്കും. കൂടാതെ പാസ്റ്റർ കെ കോശി (ഐപിസി പഞ്ചാബ് സ്റ്റേറ്റ് പ്രസി

06



പാസ്റ്റർ പി.ജി. ഏബ്രഹാം




ഈ യവനായ ചിന്താധാരകൾ "അകത്തെ മനുഷ്യനെ" ശക്തീകരിക്കുവാൻ പ്രാർത്ഥിക്കുമ്പോൾ പ്രകടമായി വെളിപ്പെടുത്തപ്പെടുന്നുണ്ട്.

വാ. 16 എന്നിരുന്നാലും, പൗലോസിന്റെ പ്രാർത്ഥനയിൽ

**പരിശുദ്ധാത്മാവിനാൽ** നിങ്ങളുടെ അകത്തെ മനുഷ്യൻ ശക്തിപ്പെടണമെന്നാണ് പ്രാർത്ഥിക്കുന്നത്. ഇവിടെ ഒരു ഭൗതീകമായ ശാക്തീകരണമല്ല; (Physical Strength) ആത്മീകമായ ശാക്തീകരണമാണ് (Spiritual Strength) ഉദ്ദേശിക്കുന്നത്.

ദൈവീക നിറവിന്റെ ഉപകരണമെന്നത് ദൈവത്തിന്റെ ആത്മാവും, ശക്തിയുമാണ്. അകത്തെ മനുഷ്യന്റെ എല്ലാ തലങ്ങളും ദൈവാത്മാവിന്റെ അധിവാസത്താൽ ശക്തിപ്പെടണം.

യുക്തി, മനഃസാക്ഷി, ഇച്ഛ, വൈകാരികത, മനസ് തുടങ്ങിയ അകമേയുള്ള മനുഷ്യന്റെ തലങ്ങൾ ശക്തിപ്പെട്ടാൽ മാത്രമേ പരീക്ഷകളെ അതിജീവിക്കാനുള്ള ബലം ലഭ്യമാകു. പരിശുദ്ധാത്മാവിനാൽ മാത്രമേ ഈ ബലം ലഭ്യമാക്കാൻ കഴിയുകയുള്ളെന്ന് തിരിച്ചറിഞ്ഞ് പ്രാർത്ഥിക്കുന്നു.

ദൈവവചനത്താലുള്ള ശക്തി അകത്തേ മനുഷ്യനിൽ എത്രത്തോളം കൂടുന്നുവോ അത്രത്തോളം പാപം ചെയ്യുവാനുള്ള സാധ്യത കുറയുന്നു.

'അകത്തെ മനുഷ്യൻ' ദിനംതോറും പുതുക്കം പ്രാപിക്കണം. 2 കൊരി. 4:16. നമ്മുടെ 'പുറമെയുള്ള മനുഷ്യൻ' ക്ഷയിച്ചു പോകാം. പൗലോസ് അകത്തെ മനുഷ്യനാണ് പ്രാധാന്യത കൊടുത്തിരുന്നത്. ശരീരം ക്ഷീണിച്ചുപോകത്തക്ക രോഗം പൗലോസിൽ ഉണ്ടായിരുന്നെങ്കിലും തന്റെ അകത്തെ മനുഷ്യൻ (ദേഹി, ആത്മാവ്) ക്ഷീണിച്ചിരുന്നില്ല. പൗലോസിന് പ്രഥമസ്ഥാനം ആത്മശക്തിയും ദൈവകൃപയും ആയിരുന്നു.

**വാ. 17. പ്രാർത്ഥനയുടെ ഉദ്ദേശം**

അകത്തെ മനുഷ്യൻ ബലപ്പെടേണ്ടതിന്റെ ആവശ്യകത.

a. ക്രിസ്തു വിശ്വാസത്താൽ ഹൃദയങ്ങളിൽ വസിക്കുക.

(17a) രണ്ടു പ്രധാന സംഗതികൾ ഇവിടെ സൂചിപ്പിക്കുന്നു.

i. വിശ്വാസം ii. വസിക്കുക

i. "വിശ്വാസത്താൽ". ദൈവത്തിലുള്ള വിശ്വാസത്താൽ ക്രിസ്തുവിലുള്ള ആശ്രയ ബോധ്യമാണിത്.

യേശുക്രിസ്തുവിനെ സ്വീകരിക്കുന്നതും വിശ്വാസത്താലാണ് (റോമ. 10:9-13). നീതീകരിക്കപ്പെടുന്നതും (റോമ. 5:1; ഗലാ. 2:16) ദൈവമക്കൾ ആകുന്നതും (ഗലാ. 3:26). നിത്യജീവൻ പ്രാപിക്കുന്നതും (യോഹ. 3:36) വിശ്വാസത്താലാണ്.

ദൈവത്തെ പ്രസാദിപ്പിക്കുന്നതും, പ്രതിഫലം പ്രാപിക്കുന്നതും (എബ്രാ. 11:6) എല്ലാം വിശ്വാസത്താലാണ്. ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നതും നാം വിശ്വാസമുള്ളവരും വിശ്വാസത്തിൽ വളരുന്നവരുമായിരിക്കാനാണ്.

വിശ്വാസത്തിൽ എങ്ങനെ വളർച്ച പ്രാപിക്കാം

1. കൂടുതൽ വിശ്വാസം ദൈവത്തോടു ചോദിക്കുക
2. ദൈവത്തെ അനുസരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക
3. മനസിൽ ദൈവവചനം പ്രതിഷ്ഠിക്കുക
4. വചനത്തെ പ്രായോഗികമാക്കുക.
5. പ്രതിസന്ധികളിൽ ദൈവത്തിൽ ആശ്രയിക്കുക
6. സ്ഥിരതയോടെ നില്ക്കാൻ ശ്രമിക്കുക
7. ദൈവത്തോട് തുടർമാനമായ ബന്ധവും സംഭാഷണവും പുലർത്തുക
8. മുൻ വിധികളെ തിരുത്തുക
9. വിശ്വാസത്തിൽ നില്ക്കുന്നവരുമായി തുടർമാനമായ ബന്ധം നിലനിർത്തുക
10. സകലത്തിലും പ്രാർത്ഥനയാലുള്ള ആശ്രയം വർദ്ധിപ്പിക്കുക.

i-i. "വസിക്കുക". കർത്താവിനെ ഹൃദയത്തിൽ രക്ഷിതാവും വീണ്ടെടുപ്പുകാരനുമായി സ്വീകരിച്ച എല്ലാ വിശ്വാസികൾക്കും ക്രിസ്തു ഉള്ളിൽ വാസം ചെയ്യുന്നു.

എന്നാൽ ക്രിസ്തു ഹൃദയങ്ങളിൽ വളരണമെങ്കിൽ ഒരുവന്റെ ഉടമസ്ഥാവകാശം കർത്താവിന് ഭരമേല്പിക്കുന്നവർക്ക് മാത്രമേ സാദ്ധ്യമാകൂ.

ക്രിസ്തു ഹൃദയങ്ങളിൽ സ്ഥിരമായി വാസം ചെയ്യണമെങ്കിൽ വിശ്വാസത്തിൽ നിലനിൽക്കണം (2 കൊരി. 13:5). വിശ്വാസത്തിൽ നിലനില്ക്കുന്നില്ലെങ്കിൽ ക്രിസ്തുവും നിങ്ങളിൽ ഇല്ലെന്നാണ് ഇവിടെ വിവക്ഷിക്കുന്നത്. ക്രിസ്തു വാസം ചെയ്യണമെങ്കിൽ ജീവിതം ശുദ്ധമായിരിക്കണം. ക്രിസ്തു നമ്മിൽ ഐക്യത്തിൽ തികഞ്ഞുവരേണ്ടതാണ്; എങ്കിൽ മാത്രമേ വാസം പൂർണ്ണമാകൂ (യോഹ. 17:23).

കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ പൂർണ്ണ പ്രയോജനം ലഭിക്കണമെങ്കിൽ ഒരുവൻ ക്രിസ്തുവിനോടുള്ള ഏകീകരണത്തിലും മനോഭാവത്തിലും ഐക്യതപ്പെട്ടിരിക്കണം. 'വസിക്കുക' എന്നത് അനുഭവ ജ്ഞാനമാണ്; സ്ഥാനപരമല്ല. നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ സാമിപ്യം ഒരു മൂർത്തമായ അനുഭവത്തെ സൃഷ്ടിക്കുന്നു. ഒരു ഭവനത്തിൽ പാർക്കുന്ന അനുഭവം കർത്താവിന് നമ്മിൽ ഉണ്ടാകണം.

'ക്രിസ്തുവിൽ വസിക്കുക'യെന്നാൽ ക്രിസ്തുവിന്റെ സ്വഭാവത്തിന് അനുരൂപരാകുകയെന്നാണ്. ഇതു ജീവന്റെ അനുഭവമായിരിക്കണം. ക്രിസ്തുവിൽ വസിക്കുന്നതിന്റെ പ്രാരംഭപടി 'ക്രിസ്തു നമ്മിൽ ഉരുവാകുക'യെന്നതാണ് (കൊലൊ.2:6). ക്രിസ്തുവിനെ 'കൈക്കൊള്ളുകയും' ക്രിസ്തുവിൽത്തന്നെ 'ഇരിക്കുകയും' ചെയ്യുന്ന അവസ്ഥയാണത് (കൊലൊ. 1:27). **(തുടരും..)**



ബിനു ജോസഫ്
വടശ്ശേരിക്കര



# ഏകാന്തത

കഴിഞ്ഞ ദിവസം ഒരു യാത്ര കഴിഞ്ഞു ഞാൻ മടങ്ങിയെത്തിയപ്പോൾ, എന്റെ സോക്സിൽ ഒരെണ്ണം നഷ്ടപ്പെട്ടു പോയതറിഞ്ഞ് എനിക്ക് വിഷമം തോന്നി. ഞാൻ ഇങ്ങനെ ചിന്തിച്ചു; ഈ ഒരു സോക്സ് കൊണ്ട് ഇനിയെന്തു ചെയ്യും, ഇതിൽ ഒരെണ്ണം മറ്റെവിടെയോ നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഞാനത് ചവറ്റുകുടയിലേക്ക് വലിച്ചെറിഞ്ഞു, കാരണം, ആ ഒറ്റ സോക്സ് എനിക്കിനിയും ആവശ്യമില്ല.

ജീവിതത്തിൽ ചില സമയങ്ങളിൽ നമ്മൾ ഒറ്റപ്പെട്ടു പോകാറുണ്ട്. ഭർത്താവും ഭാര്യയും മക്കളും ഒക്കെ അരികിലില്ലാത്തപ്പോൾ അല്ലെങ്കിൽ അവർ അകന്നു പോകുമ്പോൾ, ഏറ്റവും അടുത്ത സ്നേഹിതർ പോലും നമ്മെ തള്ളിക്കളയുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ഒരു ഒറ്റപ്പെടൽ അനുഭവപ്പെടും. ഒരുപക്ഷെ മനുഷ്യൻ നമ്മെ തള്ളിക്കളയും, വേണ്ടെന്നു പറയും, എങ്കിലും തള്ളിക്കളയാത്ത ഒരു ദൈവം ഉണ്ട്, ബൈബിൾ നൽകുന്ന ഏറ്റവും വലിയ പ്രത്യാശ, 'ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല' എന്നുള്ള വാഗ്ദത്തമാണ്.

ജീവിതത്തിൽ എപ്പോഴെങ്കിലും ഒറ്റപ്പെട്ടു പോകാത്തവർ ആരും ഉണ്ടാവില്ല. പലപ്പോഴും ആൾക്കൂട്ടത്തിന്റെ നടുവിൽ പോലും നമുക്ക് ഏകാന്തത അനുഭവപ്പെടാറുണ്ട്. ചിലപ്പോഴൊക്കെ കൂടെ ഉണ്ടായിരുന്നവർ ഈ ലോകജീവിതം മതിയാക്കി മടങ്ങിപ്പോകുമ്പോഴോ, ദൂരേക്ക് അകന്നു പോകുമ്പോഴൊ ഒക്കെ നമുക്ക് ഏകാന്തതയും ഒറ്റപ്പെടലും അനുഭവപ്പെടാം. ചിലപ്പോൾ ഭയവും നിരാശയും നമ്മെ ഒറ്റപ്പെടുത്തും. വേദപുസ്തക ചരിത്രത്തിൽ തീവ്രമായ ഒറ്റപ്പെടലും ഏകാന്തതയും അനുഭവിച്ച ഭക്തന്മാരെ നമുക്ക് കാണുവാൻ സാധിക്കും.

സ്വർഗ്ഗത്തിൽ നിന്നും തീ ഇറക്കി ദൈവനാമം മഹത്വപ്പെടുത്തിയ വ്യക്തിയാണ് ഏലിയാവ്. വിജയത്തിന്റെ കൊടുമുടിയിൽ നിന്ന ആ മനുഷ്യൻ അടുത്ത നിമിഷം പരാജയത്തിന്റെയും നിരാശയുടെയും പടുകുഴിയിൽ വീണുപോയി. എങ്കിലും അവന്റെ ഏകാന്തതയിൽ ദൈവം കൈവിട്ടില്ല എന്ന് നാം വായിക്കുന്നു.

ലോകം കണ്ട ഏറ്റവും സമുന്നതനായ നേതാവായിരുന്ന മോശെ മരിച്ചപ്പോൾ ദൈവം യോശുവയോട് പറഞ്ഞു; എന്റെ ദാസനായ മോശെ മരിച്ചു, നീയാണ് ഇനിയും ഇസ്രായേൽ ജനത്തെ നയിക്കേണ്ടത്. ആറുനൂറായിരം വരുന്ന ജനത്തിന്റെ നടുവിൽ നിന്ന യോശുവക്ക് ഭയവും ഏകാന്തതയും പിടിപെട്ട് കാണണം. അതുകൊണ്ടാണ് ദൈവം യോശുവയോട് പറഞ്ഞത്; 'ഞാൻ നിന്നെ കൈവിടുകയില്ല ഉപേക്ഷിക്കുകയും ഇല്ല' (യോശു. 1:5)

ഇരുണ്ട തടവറയിലെ ഏകാന്തതയിൽ ഇരിക്കുന്ന പൗലോസിന്റെ അടുത്തേക്ക് കർത്താവ് വന്നു പറയുന്നു; 'ധൈര്യമായിരിക്കുക' (അപ്പൊ. പ്രവൃ. 23:11)

മരുയാത്രയുടെ അവസാനഘട്ടത്തിൽ ദൈവം യിസ്രായേൽ മക്കളോട് പറഞ്ഞ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പൗലോസ്, കഠിനപീഡയിൽ കൂടി കടന്നു പോകുന്ന യഹൂദ ക്രിസ്ത്യാനികളെ ധൈര്യപ്പെടുത്തുകയാണ്; 'ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല'. (എബ്രാ.13:5, ആവ. 31:6)

നാം അനുഭവിക്കുന്ന ഏകാന്തതകളെയും ആകുലതകളെയും നേരിടുവാൻ ഈ വാക്യം നമ്മെ സഹായിക്കും.

നമ്മുടെ ഒറ്റപ്പെടലുകളെ ഒരു സാധ്യതയാക്കി മാറ്റുവാനും നമുക്ക് കഴിയും. യേശു ഒറ്റയ്ക്കായപ്പോഴെല്ലാം അവിടുന്ന് ദൈവസാന്നിധ്യത്തെ തേടി പോകുകയും തന്റെ ഏകാന്തസമയങ്ങൾ ദൈവവുമായി പങ്കിടുക്കുകയും ചെയ്തുവെന്ന് വായിക്കുന്നു. നമ്മുടെ ഏകാന്തതകൾ ദൈവസാന്നിധ്യം അനുഭവിക്കുവാനുള്ള അവസരമാക്കി മാറ്റുവാൻ ഇടയാകട്ടെ. ഏകാന്തതയുടെ കാരണം എന്തു തന്നെയായിരുന്നാലും വചനത്തിന് അതിനെ അതിജീവിക്കുവാൻ കഴിയും.

യേശു പറയുന്നു; എല്ലാ നാളും ഞാൻ നിങ്ങളോട് കൂടെയുണ്ട്. ആ ഒരു ധൈര്യത്തോടെ നമുക്ക് മുന്നോട്ടു പോകാം. ആരുമില്ലെങ്കിലും നിങ്ങൾ ഒറ്റയ്ക്കാണെങ്കിലും കർത്താവ് നിങ്ങളുടെ കരം പിടിച്ചിട്ടുണ്ട്.

03 ↩

## ഐ പി സി അയർലൻഡ് ....

ഡന്റ്) പാസ്റ്റർ ബാബു ജോൺ (USA) വിവിധ സെഷനുകളിൽ ദൈവ വചനം സംസാരിക്കും.

6 ന് രാവിലെ പത്തുമണി മുതൽ ഒരു മണി വരെ പൊതുയോഗവും ഉച്ചയ്ക്കു ശേഷം PYPA, സോദരി സമാജം, സൺഡേ സ്കൂൾ എന്നിവയുടെ വാർഷിക സമ്മേളനം നടക്കും. വൈകുന്നേരം 6 :30 മുതൽ 9 മണി വരെ പൊതുയോഗവും നടത്തപ്പെടുന്നതാണ്. ഞായറാഴ്ച രാവിലെ 9 :30 മുതൽ 1 :30 വരെ നടത്തപ്പെടുന്ന സംയുക്ത ആരാധനയോടുകൂടി ഈ വർഷത്തെ ആത്മീയ സംഗമത്തിന് സമാപനം കുറിക്കുന്നു.

ഐ പി സി അയർലൻഡ് & ഇ യു റീജിയൻ പ്രസിഡന്റ് പാസ്റ്റർ സി റ്റി എബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ ജിജി എം വർഗീസ്, സെക്രട്ടറി പാസ്റ്റർ സാനു മാത്യു, ജോയിൻ സെക്രട്ടറി പാസ്റ്റർ ഷൈൻ മാത്യു ട്രഷറർ ബ്രദർ രാജൻ ലൂക്കോസ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. റീജിയൻ ക്വയർ ഗാനശുശ്രൂഷകൾ നിർവഹിക്കും.



പാസ്റ്റർ കെ.ജെ. മാത്യു



# സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങാതിരിപ്പാൻ

'സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ' (2 കൊരി 2:11)

വീണു പോയ ദൂതന്മാരുടെ തലവനായ പിശാചെന്ന സാത്താനെക്കുറിച്ച് പരാമർശിക്കുന്ന ഈ വേദഭാഗം അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യ സഭയ്ക്ക് നൽകുന്ന മുന്നറിയിപ്പാണ്. വീണുപോയ ദൂതന്മാരുടെ തലവനാണ് പിശാചെന്ന സാത്താൻ, ഭോഷ്ക്, ഭോഷ്കിന്റെ അപ്പൻ , പഴയ പാമ്പ്, മഹാസർപ്പം, എന്നെല്ലാം വിവിധ പേരുകളിൽ അറിയപ്പെടുന്നു. സകല ദോഷങ്ങളുടെയും മൂർത്തീഭാവമായ സാത്താൻ ഏദെനിൽ തുടങ്ങി മനുഷ്യനെ ഉപായരൂപേണ പരീക്ഷിച്ച് ദോഷം ചെയ്യുന്നു.

മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പ് ദൈവം ദൂതന്മാരെ സൃഷ്ടിച്ചു. എന്നാൽ അവരിൽ ചിലർ തങ്ങളുടെ നിഗളത്തിൽ വീണു പോയി. അവർ ദുരാത്മാക്കളായിത്തീർന്നു. ഇന്നും അവർ മനുഷ്യരിൽ പ്രവേശിച്ച് ദുരാത്മക്കളായി പ്രവർത്തിക്കുന്നു. പാപത്തിന് ഇടം കൊടുക്കുന്നവരിൽ ദുരാത്മാക്കൾ പ്രവേശിക്കുന്നു. ഓരോ പാപത്തിനു പിന്നിലും ദുരാത്മാവ് പ്രവർത്തിക്കുന്നു. ദുരാത്മാവിന് പ്രവേശിക്കുവാൻ മനുഷ്യൻ പാപത്തിന് അവസരം കൊടുത്തെങ്കിൽ മാത്രമേ സാത്താൻ പ്രവേശിക്കുകയുള്ളൂ.

സങ്കീർത്തനം 91 ൽ സാത്താനെ വേട്ടക്കാരൻ എന്ന് പറഞ്ഞിരിക്കുന്നു. സാത്താൻ ഉപായത്താൽ ഒരു വേട്ടക്കാരൻ എന്ന പോലെ മനുഷ്യനെ അവന്റെ കെണിയിൽ അകപ്പെടുത്തും . കെണിയിൽ അകപ്പെട്ട ശേഷമായിരിക്കും അത് കെണിയാണെന്ന് മനസ്സിലാക്കുന്നത്.

മനുഷ്യന്റെ മനസ്സ് സ്വാധീനിച്ച് അത് മലിനമാക്കുക എന്നതാണ് സാത്താന്റെ തന്ത്രം.

'സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതു പോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു.(2 കൊരി. 11:3)

നമ്മുടെ ആത്മാവിന്റെയും പ്രാണന്റെയും ദേഹിയുടെയും തലസ്ഥാനമാകുന്നു മനസ്സ്. ഒരു രാജ്യത്തിന്റെ തലസ്ഥാനം കീഴ്പ്പെടുത്തിയാൽ മറ്റ് സ്ഥലങ്ങളെല്ലാം അനായസം കീഴ്പ്പെടുത്തുവാൻ കഴിയും. ഒരിക്കൽ നമ്മുടെ മനസ്സ് മലിനമായാൽ നാം മുഴുവനും വഷളായിത്തീരുന്നു. മനസ്സിൽ വീഴ്ച ഭവിച്ചാൽ നാം വീണു കഴിഞ്ഞു. പിശാച് കൗശലക്കാരനാകയാൽ ഈ സത്യം മറച്ചുവെയ്ക്കുന്നു. അതുകൊണ്ടുതന്നെയാണ് സാത്താനെ വഞ്ചകൻ എന്ന് വിളിക്കുന്നത്.

മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങിയപ്പോൾ പാപവും പെരുകിത്തുടങ്ങി. നോഹയുടെ കാലത്ത് ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകൊണ്ട് യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിന് ദുഃഖമായി. ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്ന് നശിപ്പിച്ചു കളയും എന്നു പറഞ്ഞു ജലപ്രളയത്താൽ ഭൂമിയെ നശിപ്പിച്ചു.

നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു. നോഹയും കുടുംബവും എട്ടു പേർ പെട്ടകത്തിൽ കയറി രക്ഷ പ്രാപിച്ചു. നാം കാലത്തിന്റെ അന്ത്യത്തിൽ എത്തിയിരിക്കുന്നു. കാലം ചുരുങ്ങിയിരിക്കുന്നതുകൊണ്ട് ദൈവജനത്തിന്റെ മനസ്സു മലിനപ്പെടുത്തുവാൻ പിശാച് പല വിധ തന്ത്രങ്ങൾ മെനയുന്നു. ടെലിവിഷൻ, ഇന്റർനെറ്റ് മുതലായ വാർത്താമാധ്യമങ്ങളിലെ ഭൂരിഭാഗം പരിപാടികളും മനസ്സിനെ മലിനപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടെയുള്ളതാകുന്നു. മനസ്സു മലിനപ്പെട്ടു കഴിഞ്ഞാൽ എത്ര തന്നെ അഭിഷേകവും താലന്തുകളും ഉള്ള വ്യക്തിയായിരുന്നാലും ബലഹീനനായിത്തീരും. മനുഷ്യന്റെ വീഴ്ച മനസ്സിൽ ആകുന്നു ആദ്യം സംഭവിക്കുന്നത്. അതിനാലാണ് യേശു പാപങ്ങളുടെ പട്ടികയിൽ ഒന്നാമത് ദുശ്ചിന്ത ഉൾപ്പെടുത്തിയത്. 'അകത്തു നിന്നു, മനുഷ്യരുടെ ഹൃദയത്തിൽ നിന്നു തന്നേ ദുശ്ചിന്ത, വ്യഭിചാരം , പരസംഗം, കുലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്ക്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തു നിന്നു പുറപ്പെട്ട് മനുഷ്യനെ അശുദ്ധനാക്കുന്നു. (മർക്കൊസ് 7: 21,22) അതുകൊണ്ട് വിശുദ്ധ പൗലോസ് ചെയ്തതുപോലെ തന്റെ ചിന്തകളെ കീഴടക്കുന്നവൻ ആകുന്നു യഥാർത്ഥ വിശുദ്ധൻ.

ഒരുവന്റെ മനസ്സ് മലിനപ്പെടുന്നത് ആർക്കും കാണുവാൻ കഴിയുകയില്ല. സാത്താൻ ഒന്നും പരസ്യമായി ചെയ്യാതെ വെളിച്ചദൂതന്റെ വേഷം ധരിച്ച് ഉപായരൂപേണ പ്രവർത്തിക്കുന്നു. ഏദെൻ തോട്ടത്തിൽ പാമ്പ് വളരെ മനോഹര ജീവിയായിട്ടാണു വെളിപ്പെട്ടത്. ഹവ്വയെ കുറിച്ചു വിചാരപ്പെടുന്നവനായി അവന്റെ സംസാരത്തിലൂടെ അവളുടെ മനസ്സിനെ അപഹരിച്ച് പാപം ചെയ്യിച്ച് ദൈവത്തിൽ നിന്ന് അകറ്റി. ഇങ്ങനെ സാത്താന്റെ വഴികൾ നിഗൂഢമാകുന്നു. ആകർഷവും അത്ഭുതകരവുമായി സൃഷ്ടിക്കപ്പെട്ട ഈ പ്രപഞ്ചം മനുഷ്യനെ ഏല്പിച്ചതും മനുഷ്യനിൽ നിന്നും അതിൻ മേലുള്ള അധികാരം പിശാച് കൈവശമാക്കിയതുമാണ് ഇന്ന് വന്നു ഭവിച്ച ദോഷം. ദുഷ്ടനായ സാത്താൻ തന്റെ അധികാരം നടത്തുവാൻ ശ്രമിക്കുന്നതിന്റെ അസ്വസ്ഥതയാണ് ഈ പ്രപഞ്ചം കാട്ടുന്നതെന്നു വിശേഷണ രൂപത്തിൽ പറയാം. ദൈവത്തിന്റെ ശബ്ദം തന്നെ സകലത്തെയും പുനരുദ്ധരിക്കും.

അതുവരെ ദുരന്തങ്ങളും ദുര

09


JOBIN PRIYAN
GROUP
STRIDE
REAL ESTATE
Welcome to
TEXAS
COMMERCIAL AND
RESIDENTIAL REAL ESTATE
SERVING
HOUSTON
DALLAS
AUSTIN
New Home Specialist
Jobin Johnson
JOHNSON & JACOBS
FLOORING AND INTERIOR
Let's Talk
832-391-5000
info@johnsonjacobs.com
www.jpgrouprealtors.com

# ഏ. ജി. മഹാരാഷ്ട്ര ഭാരവാഹികൾ

**മുംബൈ:** അസംബ്ലീസ് ഓഫ് ഗോഡ് വെസ്റ്റേൺ ഡിസ്ട്രിക്റ്റ് കൗൺസിൽ ഓഫ് മഹാരാഷ്ട്ര 2025-2027 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

SIAG ജനറൽ സെക്രട്ടറി റവ. കെ ജെ മാത്യു മുഖ്യ അതിഥി ആയിരുന്നു. നവി മുംബൈയിലെ വാഷിയിലുള്ള അലയൻസ് ചർച്ചിൽ നടന്ന കോൺഫറൻസിൽ അസംബ്ലീസ് ഓഫ് ഗോഡ് വെസ്റ്റേൺ ഡിസ്ട്രിക്റ്റ് കൗൺസിൽ ഓഫ് മഹാരാഷ്ട്രയിലെ പാസ്റ്റർമാരും പ്രധിനിധികളും പങ്കെടുത്തു. ഡബ്ല്യുഡിസിഎം സൂപ്രണ്ട് റവ. തോമസ് ചാക്കോ അധ്യക്ഷനായിരുന്നു. നിലവിലുള്ള കമ്മിറ്റി ഭാരവാഹികളായ റവ. തോമസ് ചാക്കോ (ഡിസ്ട്രിക്ട് സൂപ്രണ്ട്); റവ. ജോസഫ് ചെറിയാൻ (അസി. ഡിസ്ട്രിക്റ്റ് സൂപ്രണ്ട്); റവ. പോൾ വർഗീസ് (ഡിസ്ട്രിക്ട് സെക്രട്ടറി); റവ. ജി. ജോയ്കുട്ടി (ഡിസ്ട്രിക്ട് ട്രഷറർ), റവ. തോമസ് ജോസഫ് (ഡിസ്ട്രിക്ട് കമ്മിറ്റി അംഗം) എന്നിവരായിരിക്കും പുതിയ ഭരണസമിതി.

# ഗാനസന്ധ്യയും അനുമോദന സമ്മേളനവും



**കുന്നംകുളം:** യുണൈറ്റഡ് പെന്തെക്കോസ്ത് ഫെല്ലോഷിപ്പിന്റെ അഭിമുഖ്യത്തിൽ ജൂൺ 22 ഞായറാഴ്ച വൈകിട്ട് നാലു മണിക്ക് കുന്നംകുളം ടൗൺ ഹാളിൽ വെച്ച് ഗാനസന്ധ്യയും അനുമോദന സമ്മേളനവും നടന്നു. ക്രൈസ്തവ കൈരളിക്ക് ഒട്ടേറെ ഗാനങ്ങൾ സമ്മാനിച്ച കുന്നംകുളത്തെ ക്രൈസ്തവ ഗാനരചയിതാക്കളായ റ്റി.പി. മാത്യു സന്യാസി, പാസ്റ്റർ പി.വി. ചുമ്മാർ, പാസ്റ്റർ കെ.വി. ജോസഫ്(ഇട്ടിയേര ഉപദേശി), വി. നാഗൽ, കെ.വി ചേറു ഉപദേശി, സി.വി.തരപ്പൻ ഉപദേശി, പി.വി. തൊമ്മി ഉപദേശി, പാസ്റ്റർ ഭക്തവൽസലൻ തുടങ്ങിയവരുടെ ഗാനങ്ങളുടെ സംഗീതാവിഷ്കാരവും നടന്നു.

അവാർഡ് വിതരണവും സമ്മാനദാനവും യു.പി.എഫ് ഗ്ലോബൽ അലൈയൻസ് ജനറൽ ചെയർമാർ പാസ്റ്റർ സാം.പി. ജോസഫ് ഉത്ഘാടനം ചെയ്തു ഗുഡ്ന്യൂസ് എക്സിക്യൂട്ടിവ് എഡിറ്റർ ബ്രദർ സജി മത്തായി കാതേട്ട് എസ്.എസ്.എൽ.സി. പ്ലസ് ടുവിന് ഫുൾ എ പ്ലസ് നേടിയ കെനസ്സ് കെ. കോശി, സ്നേഹ പി.എസ്, അക്സസ പി.എം, സിസി സത്യൻ എന്നിവർക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു. കൃപാ വോയ്സ്, തൃശൂർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. യു.പി. എഫ്. ചെയർമാൻ പാസ്റ്റർ ഇ.ജി. ജോസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡോ. സാജൻ സി. ജേക്കബ്, ഇവാ. റോയ്സൺ ഐ ചീരനും ഗാനാവതരണം നടത്തി. ജനറൽ സെക്രട്ടറി പാസ്റ്റർ അനിൽ തിമോത്തി പ്രസംഗിച്ചു. പ്രസിഡണ്ട് പാസ്റ്റർ ബെന്നി ജോസഫ് സ്വാഗതവും സെക്രട്ടറി പാസ്റ്റർ പി.ജെ. ജോണി നന്ദിയും പ്രകാശിപ്പിച്ചു.

# ലിസ ലാലുവിനു ഉന്നതവിജയം



**കോഴിക്കോട്:** അന്താരാഷ്ട്ര നേഴ്സസ് ദിനത്തോടനുബന്ധിച്ചു ഐശ്വര്യ കമലയുടെ ഡി.സി ബുക്സ് പുറത്തിറക്കിയ 'വൈറസ്' നോവലിനെ ആധാരമാക്കി നടത്തിയ പ്രബന്ധരചന മത്സരത്തിൽ ലിസ ലാലുവിനു ഒന്നാം സ്ഥാനം. 25000 രൂപ ക്യാഷ് പ്രൈസ് ലഭിച്ചു. മുംബൈ വിക്രോളി ചർച്ച് ഓഫ് ഗോഡ് സഭാംഗമായ ലിസ ലാലു ഐപിസി തേഞ്ഞിപ്പലം സഭയിലെ സജീവാംഗമാണ്. ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജ് കാലിക്കറ്റിൽ ജൂനിയർ റിസർച്ച് ഫെലോഷിപ്പോടു (JRF) കൂടി മലയാളസാഹിത്യത്തിൽ ഗവേഷണം ചെയ്യുന്നു. ഭർത്താവ്: നിലമ്പൂർ ഏനാന്തി അഞ്ചനാട്ട് വീട്ടിൽ സവിൻ സണ്ണി (മുംബൈ വിക്രോളി). മകൾ: എൽസ സേറ സവിൻ.

# ഫാമിലി ഡേ 2025



**ദുബായ്:** ശാരോൻ ഫെലോഷിപ് ചർച്ച് സഭകളുടെ പുത്രികാ സംഘടനയായ - സി ഇഎം ന്റെ ആഭിമുഖ്യത്തിൽ ഫാമിലി ഡേ 2025 ആത്മീയ സംഗമത്തിന് അനുഗൃഹീത സമപ്തി.

ജൂൺ 6ന് ദുബായ് സാമാ റെസിഡൻസിൽ വെച്ച് നടന്ന സമ്മേളനത്തിൽ സി ഇ എം യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ സന്തോഷ് സെബാസ്റ്റ്യൻ അദ്ധ്യക്ഷനായിരുന്നു. ശാരോൻ യു എ ഇ റീജിയൻ സെക്രട്ടറി പാസ്റ്റർ ഗിൽബർട്ട് ജോർജ് ഉൽഘാടനം ചെയ്തു. ആരാധന, വചന പഠനം, കാത്തിരിപ്പു യോഗം, വിടുതൽ ശുശ്രൂഷകളും നടന്നു.

പാസ്റ്റർമാരായ ജോൺസൺ ബേബി, ഏബ്രഹാം മന്ദമരുതി, വർഗീസ് തോമസ്, സാം കോശി, കെ.ബി. ജോർജുകുട്ടി എന്നിവർ ക്ലാസുകൾ നയിച്ചു. പാസ്റ്റർ തോമസ് വർഗീസ്, പാസ്റ്റർ ബ്ലസ്സൻ ജോർജ്ജ് എന്നിവർ വിവിധ സെക്ഷനുകൾ നിയന്ത്രിച്ചു. ബ്രദർ നിഷാദ് ഫിലിപ്പിന്റെ നേതൃത്വത്തിൽ ഗാന ശുശ്രൂഷ നടന്നു. CEM Region സെക്രട്ടറി ബ്രദർ അസരിയ മാത്യുവിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സമ്മേളന വിജയത്തിനായി പ്രവർത്തിച്ചു.

# 07 ⮪ സാത്താന്റെ തന്ത്രങ്ങളിൽ...

വസ്ഥകളും തുടർന്നുകൊണ്ടിരിക്കും. ഭൂമിമേൽ ദുരന്തങ്ങൾ വർദ്ധിക്കുവാനുള്ള സാധ്യതയാണു വചനത്തിലെ പ്രവചനങ്ങൾ പഠിക്കുമ്പോൾ കാണുന്നത്.

സൃഷ്ടാവായ ദൈവത്തിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലേക്കു മടങ്ങിച്ചേരുവാനുള്ള തിടുക്കവും സൃഷ്ടികളിലുണ്ട്. സൃഷ്ടിച്ച നാളിലെ അവസ്ഥയിലേക്കു എല്ലാറ്റെയും മടക്കി വിളിക്കുന്ന ദൈവശബ്ദം മുഴങ്ങാറായി. സാത്താന് അനുവദിച്ചു നൽകിയ കാലഘട്ടം അവസാനിക്കാറായി എന്നതു നാമും മനസ്സിലാക്കണം. സർവ്വോപരി നമ്മുടെ മേലുള്ള അധികാരം ദൈവത്തിനും ദൈവവചനത്തിനുമായിരിക്കട്ടെ. സാത്താന്റെ വിവിധ തന്ത്രങ്ങളിൽ കുടുങ്ങിപ്പോകാതിരിപ്പാൻ യേശുവിന്റെ രക്തത്താലും പരിശുദ്ധാത്മാഭിഷേകത്താലും നമുക്ക് ആ ദുഷ്ടാത്മാവിനോട് പോരാടി ജയം പ്രാപിക്കാം. ജയിക്കുന്നവർക്ക് കർത്താവ് ഒരുക്കുന്ന സിംഹാസനം അവകാശമാക്കാം.

# കൊടുമൺ യു.പി.എഫ്



**കൊടുമൺ:** യുണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ 16- മത് ജനറൽ ബോഡി മീറ്റിംഗ് ജൂൺ 22 നു നടന്നു. യുപിഎഫ് ജനറൽ പ്രസിഡന്റ് പാസ്റ്റർ ജി. സാം കുട്ടി അദ്ധ്യക്ഷത വഹിച്ചു.പാസ്റ്റർ ജിജു ഡാനിയേൽ, പാസ്റ്റർ ഷിജു വർഗീസ് എന്നിവർ പ്രാർത്ഥന നയിച്ചു. ആത്മീയ ആരാധനയ്ക്ക് പാസ്റ്റർ ഷിബു ജോൺ നേതൃത്വം നൽകി.

2025–26 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ യോഗം തിരഞ്ഞെടുത്തു. രക്ഷാധികാരി : പാസ്റ്റർ പി വി വർഗ്ഗീസ് (ഏജി ചർച്ച്), പ്രസിഡന്റ്: പാസ്റ്റർ ജി സാം കുട്ടി (ഐപിസി), വൈസ് പ്രസിഡന്റ്: പാസ്റ്റർ ജോർജ്ജ് വർഗ്ഗീസ് (ഏജി ചർച്ച്), സെക്രട്ടറി: പാസ്റ്റർ ബിനോയ് എം ജോഷ്വാ (IFGC), ജോ. സെക്രട്ടറി: പാസ്റ്റർ വിൽസൺ ജോസ് (PMG), ട്രഷറാർ: പാസ്റ്റർ സി തങ്കച്ചൻ (ഏജി ചർച്ച്), പ്രയർ& മീഡിയ: പാസ്റ്റർ അനിൽ തങ്കച്ചൻ (CGI), ജനറൽ കൺവീനർ: പാസ്റ്റർ തോമസ് ശാമുവേൽ (MANNA CHURCH), കമ്മറ്റി മെംമ്പേഴ്സ്: പാസ്റ്റർ ഷിബു ജോൺ(ശാരോൻ), ബ്രദർ എംഡി ജോർജ്ജ് (ഏജി), ബ്രദർ ജോസ് യോഹന്നാൻ (NLC).

കൺവൻഷൻ ഭാരവാഹികൾ: സൗണ്ട്: ബ്രദർ പ്രഭാസ്, പബ്ലിസിറ്റി: ബ്രദർ ഷാജി ജോൺ, പന്തൽ & ഫുഡ് &അക്കോമഡേഷൻ: പാസ്റ്റർ ഷാജി വാളന്റിയർ & സെക്യൂരിറ്റി: ബ്രദർ ജോയി വർഗ്ഗീസ്, പന്നിവിഴ, ഓഫറിങ്ങ്: പാസ്റ്റർ ബിജു ദാനിയേൽ, ട്രാൻസ്പോർട്ടേഷൻ: ബ്രദർ ജോയി.

# തിരഞ്ഞെടുത്തു




**ഖത്തർ:** ഖത്തർ ഇന്റർ ഡിനോമിനേഷൻ ക്രിസ്ത്യൻ ചർച്ചസ് - പെന്തെക്കോസ്റ്റൽ ചർച്ചസിന്റെ (IDCC - PC) മാനേജിംഗ് കമ്മിറ്റിക്ക് 2025–26 വർഷത്തേക്കുള്ള പുതിയ ഭരണസമിതി നിലവിൽ വന്നു. പാസ്റ്റർ ബിജു മാത്യു (പി.സി എക്സിക്യൂട്ടീവ് കൗൺസിൽ മെമ്പർ), ബോബി തോമസ് (പി.സി കോർഡിനേറ്റർ). റെനു സി. തോമസ് (പി സി അഡ്മിനിസ്ട്രേറ്റർ) ബിന്നി പി. ജേക്കബ് (പി.സി ഫിനാൻസ് കോർഡിനേറ്റർ). ഷോയി വർഗീസ്, (പി.സി എംസിസി കോർഡിനേറ്റർ) ബൈജു എബ്രഹാം, (ഫയർ ആൻഡ് സേഫ്റ്റി കോർഡിനേറ്റർ) ജബ്ബേസ് സി. ചെറിയാൻ (ഇന്റേണൽ ഓഡിറ്റർ).

## 03 രജത ജൂബിലി കൺവൻഷൻ....

ജനസമ്മേളനത്തിൽ പി. വൈ.പി.എ പ്രസിഡന്റ് പാസ്റ്റർ സിബി എബ്രഹാമും അധ്യക്ഷത വഹിക്കും.

5 ന് ശനിയാഴ്ച രാവിലെ 10 ന് രജത ജൂബിലി സമ്മേളനം നടത്തപ്പെടും. ഐപിസി രാജ്യാന്തര പ്രസിഡന്റ് റവ. ഡോ. വത്സൻ എബ്രഹാം മുഖ്യ അതിഥിയായി പങ്കെടുക്കും. സുവനീർ പ്രകാശനവും അവാർഡ് ദാനവും ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനവും ജൂബിലിയോട് അനുബന്ധിച്ച് നടത്തപ്പെടും. ശുശ്രൂഷകന്മാർ കൗൺസിൽ അംഗങ്ങൾ, സ്റ്റേറ്റ് പ്രതിനിധികൾ തുടങ്ങിയവർ ആശംസകൾ അറിയിക്കും.

ശനിയാഴ്ച വൈകിട്ട് നടത്തപ്പെടുന്ന പൊതുയോഗത്തിൽ പാസ്റ്റർ കെ. ജെ കുര്യാക്കോസ് അധ്യക്ഷത വഹിക്കും. റവ.ഡേവിഡ് സ്റ്റുവേഡ് ജൂനിയർ പ്രസംഗിക്കും. ഞായറാഴ്ച രാവിലെ 9 മുതൽ 12 വരെ നടത്തപ്പെടുന്ന സംയുക്ത സഭാ ആരാധനയ്ക്ക് പാസ്റ്റർ ജേക്കബ് മാത്യു നേതൃത്വം വഹിക്കും. തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും.

# വിദ്യാർത്ഥികളെ അനുമോദിച്ചു



**മീനങ്ങാടി:** പാസ്റ്റേഴ്സ് പ്രയർ ഫെലോഷിപ്പിലെ ശുശ്രൂഷകന്മാരുടെ മക്കളിൽ 10, 12 ക്ലാസുകളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർഥികളെ എംപിപിഎഫ് ക്യാഷ് അവാർഡുകളും മെമന്റോയും നൽകി അനുമോദിച്ചു. 20-ാംതീയതി അമ്പലവയൽ ഫിലദൽഫിയ സഭയിൽ നടന്ന എംപിപിഎഫ് യോഗത്തിൽ പ്ലസ് ടു വിഭാഗത്തിൽ ഗ്ലാഡീസ് പി. എസിനും എസ്എസ്എൽസി വിഭാഗത്തിൽ ലാലിയൻ ഗ്രേസ് ലാലുവിനും ഗോഡ്സൻ സാം മാത്യുവിനും പുരസ്കാരം നൽകി.

ശുശ്രൂഷകൾക്ക് എംപിപിഎഫ് ഭാരവാഹികളായ ബേബി കുര്യാക്കോസ്, ഷിജു തങ്കച്ചൻ, കെ പി ജോസഫ്, പ്രകാശ് സ്റ്റീഫൻ, രാജു ജോർജ് എന്നിവർ നേതൃത്വം നൽകി.

## 03 ബ്രസീലിൽ സുവിശേഷവിഹിത...

ണ്ണത്തിലുണ്ടായ കുറവും സുവിശേഷവിഹിത സഭക്കാരുടെ വളർച്ചയും ഭീഷണി ഉയർത്തുമെന്ന് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നു. കത്തോലിക്കരിൽ 40% ഇടതുപക്ഷ പ്രസിഡന്റ് ലൂയിസ് ലുല ഡിസിൽവയെ പിന്തുണയ്ക്കുമ്പോൾ സുവിശേഷവിഹിത സഭക്കാരിൽ 30% മാത്രമാണ് അദ്ദേഹത്തെ പിന്തുണയ്ക്കുന്നത്.

പെന്തക്കോസ്ത് സഭകളാണ് ബ്രസീലിൽ അതിവേഗം വളരുന്നത്. 2049 ആവുമ്പോഴേക്കും ബ്രസീലിൽ സുവിശേഷവിഹിത സഭക്കാർ ഏറ്റവും വലിയ മതവിഭാഗം ആകുമെന്ന് കരുതുന്നു. പെന്തക്കോസ്ത് സഭകൾ വളരുന്നത് നഗരങ്ങളിലാണെന്ന് സർവേ പറയുന്നു. പ്രത്യേകിച്ച്, വലിയ നഗരങ്ങളുടെ പ്രാന്ത പ്രദേശങ്ങളിലാണ് പെന്തക്കോസ്ത് സഭകൾ വളരുന്നത്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ചേരിപ്രദേശങ്ങളിൽ ജീവിക്കുന്നവരാണ് സുവിശേഷം കേട്ട് പെന്തക്കോസ്ത് സഭകളിലേക്ക് വരുന്നത്. കൂടാതെ, ചെറുപ്പക്കാരാണ് ഈ സഭകളുടെ 90% അംഗങ്ങളും എന്ന വസ്തുത ബ്രസീലിന്റെ ഭാവി തീരുമാനിക്കുന്നത് സുവിശേഷവിഹിത സഭകളായിരിക്കുമെന്ന് ഉറപ്പിക്കുന്നു.

## ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ബഹ്റൈൻ വാർഷികം

**മനാമ:** ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ബഹ്റൈൻ സഭയുടെ 40-ാമത് വാർഷികവും സ്തോത്രപ്രാർത്ഥനയും ജൂൺ 21 ശനിയാഴ്ച നടക്കും. 1985 ൽ ബഹ്റൈനിൽ പ്രവർത്തനം ആരംഭിച്ച ദൈവസഭ 40 വർഷം പിന്നിട്ടിരിക്കുന്നു. അതിനോടാനുബന്ധിച്ചു 2025 ജൂൺ 21 ശനിയാഴ്ച വൈകുന്നേരം 6:30 നു സെഗ്യ്യിൽ ഉള്ള ബിഎംസി ഹാളിൽ വെച്ചു വാർഷികവും സ്തോത്രപ്രാർത്ഥനയും നടന്നു.സഭാ ശുശ്രൂഷകൻ പാസ്റ്റർ ബിജു ഫിലിപ്പ് നേതൃത്വം നൽകി. റവ. ഡോ. സുഷിൽ മാത്യു (Regional Superintendent of the Middle East Region in the Gulf Countries Church Of God World Mission) മുഖ്യാതിഥി ആയിരുന്നു.

## പി.വൈ.പി.എ കോട്ടയം മേഖല ഭാരവാഹികൾ ചുമതലയേറ്റു



**കോട്ടയം:** പി.വൈ.പി.എ കോട്ടയം മേഖല ഭാരവാഹികളായി സാം പ്രസാദ് മണർകാട് (പ്രസിഡന്റ്), ഫിലിപ്പ് ജെയിംസ് വൈക്കം (വൈസ് പ്രസിഡന്റ്), ബിജിൽ ജോർജ്ജി ചെറിയാൻ കോട്ടയം സൗത്ത് (വൈസ് പ്രസിഡന്റ്), ജെബിൻ ജെയിംസ് വാഴൂർ (സെക്രട്ടറി), ജുബിൻ സി.കുര്യൻ പാലാ ഈസ്റ്റ് (ജോയിന്റ് സെക്രട്ടറി), ബിബിൻ വർഗ്ഗീസ് അരീപറമ്പ് (ജോയിന്റ് സെക്രട്ടറി), ജെസ്സൻ ഫിലിപ്പ് ജോർജ്ജ് പുതുപ്പള്ളി (ട്രഷറർ), പോൾസൺ ടി. സ്കറിയാ കോട്ടയം സൗത്ത് (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തെരെഞ്ഞെടുത്തു. ഐപിസി കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം ബെന്നി പുള്ളോലിക്കൽ, സഞ്ചു ഏബ്രഹാം, കെ. കെ. ശശീന്ദ്രൻ എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

## നോയൽ സൂസൻ സാജുവിന് ഉന്നത വിജയം



**ഇടുക്കി:** കേരള യൂണിവേഴ്സിറ്റി പഞ്ചവത്സര BBA/LLB കോഴ്സസിൽ തിരുവനന്തപുരം മാർ ഗ്രിഗോറിയോസ് ലോ കോളേജിലെ നോയൽ സൂസൻ സാജുവിന് മൂന്നാം റാങ്ക്.

ഇടുക്കി തോപ്രാംകുടിയിൽ പാസ്റ്റർ സാജു ഫിലിപ്പിന്റെയും ബിന്ദു സാജുവിന്റെയും ഇളയ മകളാണ് നോയൽ. OP Jindal Global യൂണിവേഴ്സിറ്റിയിലാണ് നോയലിന് LLM കോഴ്സിന് പ്രവേശനം ലഭിച്ചിരിക്കുന്നത്. നോയലിന്റെ മൂത്ത സഹോദരി ജൂവൽ മേരി സാജുവും ഭർത്താവ് ബ്ലെസ്സൻ ടോം മാത്യുവും ഡൽഹി IIT യിൽ റിസേർച്ച് സ്കോളേഴ്സ് ആണ്.

## സോദരീ സമാജം ഭാരവാഹികളെ തിരഞ്ഞെടുത്തു

**തിരുവനന്തപുരം:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ചിറയിൻകീഴ് സെന്റർ വിമൻസ് ഫെലോഷിപ്പ് 2025 -2028 ലേക്ക് പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു. മെയ് 24നു നടന്ന സെന്റർ മാസയോഗനാന്തരമാണ് തിരഞ്ഞെടുപ്പു നടന്നത്.

പ്രസിഡണ്ടായി സിസ്റ്റർ മേഴ്സി ഡാനിയൽ, വൈസ് പ്രസിഡണ്ടായി സിസ്റ്റർ ഷീല തരകൻ, സെക്രട്ടറിയായി സിസ്റ്റർ പ്രഭ മോഹൻദാസ്, ജോയിൻ സെക്രട്ടറിമാരായി സിസ്റ്റർ സിജി ജപമാണി, സിസ്റ്റർ ആര്യ മനു, ട്രഷററായി സിസ്റ്റർ ശോഭന, കമ്മിറ്റി അംഗങ്ങളായി സിസ്റ്റർ ജെസ്സി രാജു, സിസ്റ്റർ ഗ്ലാഡിസ് ഷിജോ,സിസ്റ്റർ ഏഴിലരസി ജസ്റ്റിൻ,സിസ്റ്റർ സിന്ധു ശീമോൻ, സിസ്റ്റർ രജനി സന്തോഷ്, സിസ്റ്റർ അംബിക രഘു, സിസ്റ്റർ തുളസി രാധാകൃഷ്ണൻ എന്നിവരെ തിരഞ്ഞെടുത്തു.

## ജോയൽ പി. ജോസഫിന് ഡോക്ടറേറ്റ് ലഭിച്ചു



**ഷിമോഗ:** ജോയൽ പി.ജോസഫിന് ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ഗവേഷണ സർവകലാശാലയിൽ നിന്നും ബയോ എഞ്ചിനീയറിംഗിൽ ഡോക്ടറേറ്റ് ലഭിച്ചു.

"രോഗപ്രതിരോധ കോശങ്ങളെ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കാനുമുള്ള ബയോ എഞ്ചിനീയറിംഗ് തന്ത്രങ്ങൾ" എന്ന പഠനത്തിനാണ് ഡോക്ടറേറ്റ്.

ഐപിസി ഷിമോഗ സെന്റർ പാസ്റ്ററും മംഗലാപുരം ഐപിസി ശാലേം ചർച്ച് ശുശ്രൂഷകനുമായ പാസ്റ്റർ പി.പി.ജോസഫ് -സൂസൻ ജോസഫ് ദമ്പതികളുടെ മകനാണ്. അമേരിക്കൻ സർവകലാശാലയിൽ നിന്നുള്ള ക്ഷണപ്രകാരം നെഹ്റു ഡോക്ടറൽ ഉപരിപഠനം നടത്തിയ ജോയൽ പി. ജോസഫിന് കഴിഞ്ഞ വർഷം നെഹ്‌റു ഡോക്ടറൽ ഫുൾ ബ്രൈറ്റ് ഫെലോഷിപ്പ് ലഭിച്ചിരുന്നു. കർണാടക പി.വൈ.പി.എ സ്റ്റേറ്റ് കൗൺസിൽ അംഗം, സൺഡേസ്ക്കൂൾ, ഐ.സി.പി .എഫ് എന്നീ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു ജോയൽ. 'Right, Run,Keep Faith' എന്ന പുസ്കത്തിന്റെ ഗ്രന്ഥകർത്താവാണ്.

ബെംഗളൂരു വിശ്വേശരയ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്നു ബയോടെക്നോളജിയിൽ എൻജിനീയറിങ് ബിരുദവും എസ്ആർഎം യൂണിവേഴ്സിറ്റിയിൽനിന്നു ജനറ്റിക് എൻജിനീയറിങ്ങിൽ എംടെക്കും നേടിയിട്ടുണ്ട്. മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീജനറേറ്റീവ് മെഡിസിനിൽ ഗവേഷണത്തിന് ശേഷം ബെംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ ബയോ എഞ്ചിനിയറിംഗിൽ ഗവേഷണത്തിലായിരുന്നു. ക്ലീവ്‌ലൻഡിലെ വെസ്റ്റേൺ റിസർവ് യൂണിവേഴ്സിറ്റിയിൽ ബയോമെഡിക്കൽ എൻജിനീയറിങ്ങിൽ ഗവേഷണവും നേരത്തെ ജോയൽ നടത്തിയിട്ടുണ്ട്. പിതാവ് പാസ്റ്റർ പി.പി.ജോസഫ് എറണാകുളം കോലഞ്ചേരി പാൽപാത്ത് കുടുംബാംഗവും മൂന്ന് പതിറ്റാണ്ടിലധികമായി കർണാടക ഐപിസി ശുശ്രൂഷകനും കൺവെൻഷൻ പരിഭാഷകനും ആണ്. മാതാവ് സൂസൻ ജോസഫ് എഴുത്തുകാരിയും 'വിജയത്തിന്റെ ചവിട്ടുപടികൾ' എന്ന പുസ്തകത്തിന്റെ രചയിതാവും ആണ്. ഭാര്യ സ്നേഹ തോമസ് വർഗീസ്.


THE INDIA PENTECOSTAL CHURCH OF GOD
ATLANTA
ATLANTA IPC
545 Rock Springs Road
Lawrenceville, GA 30043
Rev. Dr. Cherian C. Daniel
Schedule of Service
SUNDAY WORSHIP
9:00 am to 11:00am
SUNDAY SCHOOL
8:30 am to 9:00am
SATURDAY
Bible study 7:30 pm
LAST SATURDAY
PYPA 7:30 pm to 9:00 pm
FASTING PRAYER
Friday 10:30 am to 12:00 pm
FIRST SATURDAY
Ladies meeting 10:30am to 12:00pm
Come Worship With us
Pastor Dr. Cherian C Daniel
(470) 907-9051
ABRAHAM THOMAS
Secretary
RAJAN ARIYAPALLIL
Treasurer

# നിത്യതയിൽ

**പാസ്റ്റർ സി വി ജോൺ**



**ചങ്ങനാശേരി:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയിലെ സീനിയർ ശുശ്രൂഷകനും ലണ്ടൻ പെന്തക്കോസ്ത് ചർച്ച് സ്ഥാപകൻ റവ. സാം ജോണിന്റെ പിതാവുമായ, പാസ്റ്റർ സി വി ജോൺ (88) നിത്യതയിൽ. ഐപിസി ചങ്ങനാശ്ശേരി ഈസ്റ്റ് സെന്റർ മുൻ ശുശ്രൂഷകൻ ആയിരുന്നു. വെണ്ണിക്കുളം ചാപ്രത്ത് കുടുംബാംഗമാണ്. ഭാര്യ: റെയ്ച്ചൽ. മക്കൾ: വത്സമ്മ ജോസ് ജോർജ്, പാസ്റ്റർ സാം ജോൺ, മേഴ്സി ജോജി വർഗീസ്, സൂസൻ ജെയിൻ തോമസ്. മരുമക്കൾ:ജോസ് ജോർജ് കായംകുളം, ബെറ്റി സാം ജോൺ യുകെ, പാസ്റ്റർ ജോജി വർഗീസ് (സെന്റർ ശുശ്രൂഷകൻ -ചങ്ങനാശ്ശേരി ഈസ്റ്റ് സെന്റർ). സംസ്കാരം പിന്നീട്.

**പാസ്റ്റർ ജോസ് കെ. തോമസ്**



**കോട്ടയം:** കങ്ങഴ വെട്ടികുളങ്ങര വീട്ടിൽ പരേതരായ തോമസിന്റെയും കുഞ്ഞമ്മയുടെയും മകൻ പാസ്റ്റർ ജോസ് കെ. തോമസ് (72) മുംബൈയിൽ നിത്യതയിൽ. സംസ്കാരം അമ്പർനാഥ് ഫാത്തിമ ചർച്ച് സെമിത്തേരിയിൽ നടത്തി. ഭാര്യ: സൂസമ്മ ജോസ് (നെല്ലി മൂട്ടിൽ, എഴുമറ്റൂർ). മക്കൾ: കെസിയ, ഏബ്രഹാം.

**സാം സ്കറിയ**



**പാലക്കാട്:** മുണ്ടൂർ പൊന്നംകോട് പുത്തൻപറമ്പിൽ പി.സി. സ്കറിയയുടെ മകൻ സാം സ്കറിയ (49) നിത്യതയിൽ. സംസ്കാരം മുണ്ടൂർ ചർച്ച് ഓഫ് ഗോഡ് സഭയുടെ നേതൃത്വത്തിൽ സഭാ സമിത്തേരിയിൽ നടത്തി. ഭാര്യ: വാകയിൽ സാലി (കാഞ്ഞിരപ്പള്ളി). മക്കൾ: ബ്ലെസ്സി, പ്രെയ്സി.

**ജോൺ മാത്യു**



**തൃശൂർ:** വിലങ്ങന്നൂർ തെക്കേ പായ്ക്കണ്ടം പാലിയക്കുന്നത്ത് ജോൺ മാത്യു (75) നിത്യതയിൽ. പട്ടിക്കാട് ശാലേം ഐപിസി സഭാംഗമാണ്. സംസ്കാരം കരിപ്പക്കുന്ന് സെമിത്തേരിയിൽ നടത്തി. ഭാര്യ: ലെസ്ലി ജോൺ. മക്കൾ: സാമുവൽ, ആരോൺ.

**പി. ജി. പാപ്പച്ചൻ**



**അടൂർ:** ഐപിസി ഫിലദൽഫിയ കഞ്ഞിക്കുഴി സഭാ ശുശ്രൂഷകൻ പാസ്റ്റർ മോൻസി പി. മാത്യുവിന്റെ ഭാര്യാപിതാവ് മണക്കാല കാഞ്ഞിരവിലത്തടത്തിൽ പി.ജി. പാപ്പച്ചൻ (90) നിത്യതയിൽ. സംസ്കാരം മണക്കാല ശാരോൻ ഫെല്ലോഷിപ് സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: പരേതയായ ലിസി ജെയിംസ്, ലാലി വർഗീസ്, ലൗലി മോൻസി. മരുമക്കൾ: ജെയിംസ് സാമുവേൽ, ഇ.കെ. വർഗീസ്, പാസ്റ്റർ മോൻസി പി. മാത്യു.

**പാസ്റ്റർ പി. റ്റി. തോമസ്**




**വാളക്കുഴി:** പുത്തൻപറമ്പിൽ പാസ്റ്റർ പി.റ്റി.തോമസ് (ബേബിസാർ - 98) നിത്യതയിൽ. സംസ്കാരം നടത്തി. മക്കൾ: പാസ്റ്റർ സണ്ണി പി. തോമസ് (Dallas), പാസ്റ്റർ പി. റ്റി. വറുഗീസ്, മേഴ്സി യോഹന്നാൻ (Oklahoma). മരുമക്കൾ: ആനി തോമസ്, അന്നമ്മ വറുഗീസ്, പാസ്റ്റർ തോമസ് യോഹന്നാൻ. കൊച്ചുമക്കൾ: ഫീബാ, ഷീബാ, ജോഷ്വാ, ലെസ്ലി, ജെസ്ലിൻ, റീബ, ജെരെമായ.

**ലാലു യോഹന്നാൻ**



**കൊട്ടാരക്കര:** കരിക്കം പേരെത്തു ഗിൽഗാൽ വീട്ടിൽ പരേതനായ എം. യോഹന്നാന്റെയും, തങ്കമ്മ യോഹന്നാന്റെയും മകൻ ഡെപ്യൂട്ടി തഹസിൽദാർ ലാലു യോഹന്നാൻ (48) നിത്യതയിൽ. കുണ്ടറ മിനി സിവിൽ സ്റ്റേഷൻ ഡെപ്യൂട്ടി തഹസിൽദാർ ആയിരുന്നു. സംസ്കാരം ചെങ്ങമനാട് അസംബ്ലീസ് ഓഫ് ഗോഡിന്റെ കടലാവിളയിലുള്ള സെമിത്തേരിയിൽ നടത്തി. ഭാര്യ: ഷൈനു സാറാ ജോസഫ് (അക്കൗണ്ടന്റ് NREGS വെട്ടിക്കവല ഗ്രാമപഞ്ചായത്ത്). മക്കൾ: ആൽവിൻ, ആബേൽ, അബിയ. സഹോദരങ്ങൾ: ലിസ്സി മാത്യു, ലാലി കുഞ്ഞുമോൻ, ലീന ജോയ്.

**ഫിലിപ്പ് ഏബ്രഹാം**



**പത്തനംതിട്ട:** ബഥേൽ ഏ.ജി ചർച്ച് തോന്ന്യാമല സഭാംഗം പാലയ്ക്കത്തറയിൽ ഫിലിപ്പ് ഏബ്രഹാം (രാജു-71) നിത്യതയിൽ. സംസ്കാരം തോന്ന്യാമല ബഥേൽ ഏ.ജി ചർച്ച് സഭാഹാളിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തെരിയിൽ നടന്നു. ഭാര്യ: പരേതയായ സൂസമ്മ പട്ടാഴി നീർക്കുഴിയിൽ കുടുംബാംഗം. മക്കൾ: ജോജി (ബെംഗളൂരു), ജോബി(കടമ്മനിട്ട), ജോബിൻ (തോന്ന്യാമല). മരുമക്കൾ: ജോബിത, സാബു, റീന.

**തോമസ് കുര്യൻ**



**മാരാമൺ:** റിട്ട. ഡെപ്യൂട്ടി തഹസിൽദാർ പുത്തുരേത്ത് തോമസ് കുര്യൻ (83) നിത്യതയിൽ. സംസ്ക്കാരം ഐപിസി മാരാമൺ സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: റാന്നി തൈക്കൂട്ടത്തിൽ സിസിലി. മക്കൾ: ഗ്രെയ്സ് റോയി (മുംബൈ), പാസ്റ്റർ പീസ് പി. കുര്യൻ (മോൻസി) (ഐ.പി. സി ആയൂർ അമ്പലംകുന്ന്), മേഴ്സി നിസ്സി (ചിങ്ങവനം), സാം (അയർലെന്റ്), സനു (ഓസ്ട്രേലിയ). മരുമക്കൾ: പാസ്റ്റർ മാത്യു റോയി (AG. CHURCH Mumbai), ബെററി മോൻസി (എറണാകുളം), പാസ്റ്റർ എബ്രാഹാം (നിസ്സി) IGC ഒളശ്ശ, ഗിഫ്റ്റി (അയർലെന്റ്), പ്രിയങ്ക (ഓസ്ട്രേലിയ).

**റോസമ്മ കോശി**



**പത്തനംതിട്ട:** ഐപിസി പത്തനംതിട്ട സീയോൻ സഭാംഗം താവളത്തിൽ റോസമ്മ കോശി (79) നിത്യതയിൽ. സംസ്കാരം നടത്തി. ഭർത്താവ്: പരേതനായ കോശി വറുഗീസ്. മക്കൾ സുജ, സുനിൽ. മരുമക്കൾ: റോമി, തങ്കം.

**ഏലിയാമ്മ വർക്കി**



**മൂവാറ്റുപുഴ:** വാളകം ഐപിസി സഭാംഗം കടമറ്റം പെരുവംമുഴി നടുമറ്റത്തിൽ കട്ടച്ചിറക്കുന്നേൽ ഏലിയാമ്മ വർക്കി (83) നിത്യതയിൽ. സംസ്കാരം വാളകം ഐപിസി സെമിത്തേരിയിൽ നടത്തി. ഭർത്താവ്: എൻ. ഐ. വർക്കി. മക്കൾ: സാബു വർക്കി (UK),

# നിത്യതയിൽ

ബാബു വർക്കി (UK), ഷൈനി ജോർജ് (UK), ജെസ്സി സാം (UAE). മരുമക്കൾ: മിനി സാബു, മിനി ബാബു, പാസ്റ്റർ ജോർജ് വർക്കി (സീനിയർ പാസ്റ്റർ- ലിവർപൂൾ പ്രയർ ഫെലോഷിപ്പ്), സാം ഫിലിപ്പ് (UAE).

**ഡെയ്സി എബ്രഹാം**

**ക്യാൻബെറ, ഓസ്ട്രേലിയ:**  ക്യാൻബെറ പെന്തെക്കോസ്തൽ ചർച്ച് മെമ്പറും തിരുവനന്തപുരം വേപ്പുംതറ മലയിൽ കുടുംബാംഗവുമായ ഡെയ്സി എബ്രഹാം (46) നിത്യതയിൽ. ACT ഹെൽത്തിൽ ഡാറ്റ മാനേജർ ആയി ജോലി ചെയ്യുകയായിരുന്നു. സംസ്കാരം സിഡ്നിയിലുള്ള മക്കാർതർ മെമ്മോറിയൽ പാർക്കിൽ നടത്തി. ഭർത്താവ്: രാഹുൽ ജോർജ്, മകൻ: ജോയൽ മിഖായേൽ ജോർജ്. കുടുംബാംഗങ്ങൾ : കോശി എബ്രഹാം (പിതാവ്), ഗ്രേസി എബ്രഹാം (മാതാവ്), നാൻസി എബ്രഹാം, ലിജു ജോൺ, ബെൻസി തോമസ് എബ്രഹാം, സെറിൻ എൽസ് തോമസ് (സഹോദരങ്ങൾ).


**പി. വി. കുരുവിള**

**കോട്ടയം:**  കുമരകം പാലത്തിങ്കൽ പി. വി. കുരുവിള (89) നിത്യതയിൽ. സംസ്കാരം മാങ്ങാനം ഐപിസി കോട്ടയം നോർത്ത് സെന്റർ സെമിത്തേരിയിൽ നടത്തി. ഭാര്യ: പരേതയായ കുഞ്ഞമ്മ കുരുവിള. മകൻ: പാസ്റ്റർ ജിജു പി. കുരുവിള (പ്രസ്ബിറ്റർ ഏ.ജി. റാന്നി സെക്ഷൻ). മരുമകൾ: ബിന്ദു ജിജു. കൊച്ചുമകൾ: എയ്ഞ്ചലീന.

**പാസ്റ്റർ ടി. സി. കോശി**

**കോട്ടയം:**  റിട്ടേർഡ് സൈനീക ഉദ്യോഗസ്ഥൻ മണിമല കറിക്കാട്ടൂർ തോട്ടത്തിൽ പാസ്റ്റർ ടി. സി. കോശി (94) നിത്യതയിൽ. സംസ്കാരം ചാരുവേലി ശാലോം സഭാ സെമിത്തേരിയിൽ നടന്നു. ഭാര്യ: പരേതയായ ഏലിയാമ്മ കോശി. മക്കൾ: ജേക്കബ് റ്റി കോശി, സോയിഫിലിപ്പ് റ്റി കോശി(ഖത്തർ), ഷേർളി ജോയി(ഖത്തർ). മരുമക്കൾ: ആനിലെറ്റ് ജേക്കബ്, മെർലിൻ സോയി (ഖത്തർ), ജോയി. പി. മാത്യു.

**ജെറോം ഏബ്രഹാം സാബു**

**തിരുവല്ല:**  ഇരുവള്ളിപ്ര കറ്റോട് വാഴക്കൂട്ടത്തിൽ സാബുവിന്റെയും രമ്യയുടെയും മകൻ ജെറോം ഏബ്രഹാം സാബു (17) വെള്ളത്തിൽ വീണ് മരിച്ചു. ചർച്ച് ഓഫ് ഗോഡ് തിരുവല്ല ടൗൺ സഭാംഗം ആണ്. സംസ്കാരം തിരുവല്ല ഐപിസി പ്രയർ സെന്ററിലെ ശുശ്രൂഷയ്ക്കു ശേഷം ചർച്ച് ഓഫ് ഗോഡ് കറ്റോട് സെമിത്തേരിയിൽ നടത്തി. കുറ്റൂർ പഞ്ചായത്തിലെ തിരുവാമനപുരം തോട്ടിലെ ഒഴുക്കിൽപ്പെട്ട സുഹൃത്തിനെ രക്ഷിക്കുന്നതിനിടയിൽ കാൽ വഴുതി വെള്ളത്തിൽ വീഴുകയായിരുന്നു. ബാലികാമഠം സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിയാണ്.

**കെ. വി. യോഹന്നാൻ**

**വീയപുരം:**  ഐപിസി വീയപുരം, പായിപ്പാട് ബഥേൽ സഭാംഗം കുന്നത്ത് കിഴക്കേതിൽ കെ.വി. യോഹന്നാൻ (കുഞ്ഞുഞ്ഞ് – 91) നിത്യതയിൽ. സംസ്കാരം വീയപുരം പായിപ്പാട് ബഥേൽ സഭയുടെ സെമിത്തേരിയിൽ നടത്തി. ഭാര്യ രാജമ്മ യോഹന്നാൻ പായിപ്പാട് മാനാപ്പള്ളിൽ കുടുംബാംഗമാണ്. മക്കൾ: ജോൺ വർഗീസ്, കെ.ജെ. ജെയിംസ്, ജെസ്സി സാബു, ജോൺ മാത്യു, ജോൺ തോമസ്. മരുമക്കൾ: Late ലോവിസ് വർഗീസ്, ജിജി വർഗീസ്, സുജ ജെയിംസ്, Pr. സാബു കെ ഉമ്മൻ (Dallas), ബ്ലെസി മാത്യു, രശ്മി ജോൺ തോമസ്.

**സ്കറിയ സാമുവേൽ**

**പാണ്ടനാട്:**  വന്മഴി പുതിയോട്ട് കൊഴുവല്ലൂർ വഴിയമ്പലത്തിൽ പടീറ്റേതിൽ സ്കറിയ സാമുവേൽ (അനിയൻകുഞ്ഞ് - 64) നിത്യതയിൽ. സംസ്കാരം പുത്തൻതെരുവ് ഐപിസി ശാലേം സഭയുടെ കല്ലിശേരിയിലുള്ള സെമിത്തേരിയിൽ നടന്നു. ഭാര്യ: കുഞ്ഞുമോൾ സ്കറിയ.

**അജു പോൾ**

**കൊച്ചി:**  സൗദി അറേബ്യയിലെ റിയാദിൽ ജൂൺ 7 ന് നടന്ന വാഹനാപകടത്തിൽ മരണമടഞ്ഞ കിഴക്കമ്പലം വാലയിൽ പൗലോസിന്റെ മകൻ അജു പോളിന്റെ (52) സംസ്കാരം പുത്തൻകുരിശ് ജിഎൻഎഫ്എ ക്രിസ്ത്യൻ സെമിത്തെരിയിൽ നടന്നു. ഭാര്യ. കോട്ടയം കട്ടക്കുഴി സ്മിത. മക്കൾ. പോൾസൺ (ബിബിഎ വിദ്യാർഥി, മംഗളം ആർട്സ് ആൻഡ് സയൻസ് കോളേജ് ഏറ്റുമാനൂർ), എബിസൺ (ബിബിഎ വിദ്യാർഥി, ക്രിസ്തു ജയന്തി കോളേജ്, ബെംഗളൂരു). സഹോദരങ്ങൾ: ബിന്ദു മാത്യൂ (ഖത്തർ), സിന്ദു ജവഹർ (ഐശ്വര്യ സ്റ്റുഡിയോ കോട്ടയം).

**സാറാമ്മ ജോൺ**

**പത്തനാപുരം:** വല്ല്യനേത്ത്  ഒറുവപ്പാറ പുത്തൻ പറമ്പിൽ പരേതനായ കെ. പി. ജോണിന്റെ ഭാര്യ സാറാമ്മ ജോൺ (86) നിത്യതയിൽ. സംസ്ക്കാരം പിടവൂർ ശാരോൻ സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: പാസ്റ്റർ കെ.പി. മത്തായി കുട്ടി (USA), ലീലാമ്മ രാജു, കെ.പി. തോമസ് (Rajkot), ലാലി സണ്ണി (Late), ഡോ. മിനിമോൾ ജെ (Rt. കേണൽ), റവ. ബിജു ജോൺ (Lifetime fellowship Church, Thiruvananthapuram). മരുമക്കൾ: സുസൻ മാത്യു (USA), രാജു അന്നമ്മ തോമസ്, സണ്ണി (Late), ബിജു കോശി, ശ്രീലേഖ ബിജു (RCC, തിരുവനന്തപുരം).

**റൂഫസ് കുര്യൻ**

**യു.കെ:** കവൻട്രി ഏ.ജി വർഷിപ്പ് സെന്റർ  സഭാംഗങ്ങളായ കുര്യൻ വർഗീസിന്റേയും ഷിജി തോമസിന്റേയും മകൻ റൂഫസ് കുര്യൻ (7) പനി ബാധിച്ച് യു.കെ.യിൽ നിത്യതയിൽ. റൂഫസിന്റെ മാതാപിതാക്കളായ പായിപ്പാട് കാരിച്ചാൽ മറ്റക്കാട്ട് കുര്യൻ വർഗീസും കൊല്ലക്കടവ് ആറ്റടിയിൽ ഷിജി തോമസും ആലപ്പുഴ സ്വദേശികളാണ്. ഏക സഹോദരൻ സെക്കൻഡറി സ്‌കൂൾ വിദ്യാർഥിയാണ്. ഗൾഫിൽ നിന്നും ഒന്നര വർഷം മുൻപാണ് കുര്യനും കുടുംബവും യുകെയിലെത്തിയത്. സംസ്കാരം പിന്നീട്

MOB: 9526602670
beljourn@gmail.com
VOL 18, ISSUE 02
Price: ₹ 10

# BELIEVERS JOURNAL

PUBLISHED ON 2025 JUNE

BELIEVERS JOURNAL
Post Box No: 58
Kumbanad P.O.
Thiruvalla - 689 547

RNI. NO. KERMAL/2008/26530
beljourn.com/ www.bjournal.org
E-mail: beljourn@gmail.com

